ടി.കെ ഉബൈദ്

ഖുര്‍ആന്‍ ബോധനം

# 1141

# സൂറ – 39 / അസ്സുമര്‍

സൂക്തം: 65 – 70

ഭൗതിക ലോകമെന്ന പോലെ അഭൗതിക ലോകവും അല്ലാഹുവിന്റെ അജയ്യമായ അധികാരത്തിനും നിയന്ത്രണശേഷിക്കും വിധേയമാകുന്നു. ഉയിര്‍ത്തെഴുന്നേല്‍പു നാളില്‍ ഭൂമിയേഴും കൊച്ചുകുട്ടിയുടെ കളിപ്പന്തുപോലെ അവന്റെ കൈപ്പിടിയിലൊതുങ്ങുന്നു. സപ്തവാനങ്ങള്‍ കൊച്ചു തൂവാല പോലെ അവന്റെ വലംകൈയില്‍ ചുരുണ്ടിരിക്കുന്നു. ഇപ്പറഞ്ഞത് അക്ഷരാര്‍ഥത്തിലാകാം, ആലങ്കാരിക പ്രയോഗവുമാകാം.

وَلَقَدۡ أُوحِیَ إِلَیۡكَ وَإِلَى ٱلَّذِینَ مِن قَبۡلِكَ لَىِٕنۡ أَشۡرَكۡتَ لَیَحۡبَطَنَّ
عَمَلُكَ وَلَتَكُونَنَّ مِنَ ٱلۡخَـٰسِرِینَ ﴿٦٥﴾

65. എന്നാല്‍ അല്ലാഹുവിന് പങ്കാളിത്തം കല്‍പിച്ചാല്‍ നിന്റെ കര്‍മങ്ങളൊക്കെയും പാഴായിപ്പോകുമെന്നും നീ സര്‍വതും നഷ്ടപ്പെട്ടവനായിത്തീരുമെന്നും, നീയും നിനക്കു മുമ്പുള്ള സകല പ്രവാചകന്മാരും ഉറപ്പായി ദിവ്യബോധനം ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു.

بَلِ ٱللَّهَ فَٱعۡبُدۡ وَكُن مِّنَ ٱلشَّـٰكِرِینَ ﴿٦٦﴾

66. ആകയാല്‍ നീ അല്ലാഹുവിനു മാത്രം വഴിപ്പെടുക, അവനോടു തന്നെ കൂറുള്ളവനുമായിരിക്കുക.

**65,66**

وَلَقَدْ أُوحِيَ = (എന്നാല്‍) ഉറപ്പായും ദിവ്യബോധനം ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു

إِلَيْكَ وَإِلَى الَّذِينَ مِن قَبْلِكَ = നി(നീയും)ന്നിലേക്കും നിനക്കുമുമ്പുള്ളവ(സകല പ്രവാചകന്മാരും)രിലേക്കും

لَئِنْ أَشْرَكْتَ = നീ പങ്കുചേര്‍ക്കുകയാണെങ്കില്‍ (അല്ലാഹുവിന് പങ്കാളിത്തം കല്‍പിച്ചാല്‍)

لَيَحْبَطَنَّ عَمَلُكَ = തീര്‍ച്ചയായും നിന്റെ കര്‍മം (ങ്ങളൊക്കെയും) പാഴായിപ്പോകും (എന്നും)

وَلَتَكُونَنَّ مِنَ الْخَاسِرِينَ = നീ (സര്‍വതും) നഷ്ടപ്പെട്ട(വന്‍)വരില്‍ പെട്ടവന്‍ ആയിത്തീരും (എന്നും)

بَلِ اللَّهَ فَاعْبُدْ = പക്ഷേ (ആകയാല്‍) അല്ലാഹുവിനു മാത്രം നീ വഴിപ്പെടുക

وَكُن مِّنَ الشَّاكِرِينَ = നീ നന്ദിയുള്ളവരില്‍പെട്ടവനും (അവനോടു തന്നെ കൂറുള്ളവനും) ആയിരിക്കുക

മുന്‍ സൂക്തത്തില്‍ അവിശ്വാസികള്‍ ഉന്നയിച്ച ആവശ്യം തികഞ്ഞ അവിവേകമായതിനാല്‍ അവരെ സംബോധന ചെയ്യാതെ പ്രവാചകനെ സംബോധന ചെയ്തുകൊണ്ട് അവര്‍ക്ക് മറുപടി നല്‍കുകയാണ്: ആ അവിവേകികളോടു പറയുക: നീ അല്ലാഹുവില്‍ പങ്ക് ചേര്‍ക്കുകയാണെങ്കില്‍ നിന്റെ കര്‍മങ്ങളൊക്കെയും പാഴായിപ്പോകുമെന്നും സര്‍വവും നഷ്ടപ്പെട്ടവനായിത്തീരുമെന്നും. ദൈവത്തിന്റെ ഏകത്വം നിനക്കും പൂര്‍വ പ്രവാചകന്മാര്‍ക്കൊക്കെയും ദിവ്യബോധനം ലഭിച്ചിട്ടുള്ളതാകുന്നു. അതിനാല്‍ നീ അല്ലാഹുവിനു മാത്രം വഴിപ്പെടുക. അവനോടു കൂറുള്ളവനായിരിക്കുക. لَئِنْ أَشْرَكْتَ -യുടെ ഭാഷാര്‍ഥം നീ പങ്കുവെക്കുകയാണെങ്കില്‍ എന്നാണ്. ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയില്‍ 'ശിര്‍ക്ക്' -പങ്കുചേര്‍ക്കുക- എന്നാല്‍ ദൈവത്തിന് ബഹുത്വം കല്‍പിക്കലും ബഹുദൈവങ്ങളെയും വിഗ്രഹങ്ങളെയും ആരാധിക്കലുമാകുന്നു. പല ദൈവങ്ങളുണ്ട് എന്ന് വിശ്വസിച്ചില്ലെങ്കിലും ദൈവത്തിന്റേതു മാത്രമായ ഗുണങ്ങള്‍ വേറെ ചിലര്‍ക്കുമുണ്ട് എന്ന് വിശ്വസിക്കുന്നതും شرك -ദൈവത്തില്‍ പങ്കു ചേര്‍ക്കല്‍- ആകുന്നു. അതുപോലെ ആരാധനകള്‍ മുഴുവന്‍ ഇല്ലെങ്കി

ലും ചില ആരാധനകൾ അല്ലാഹുവല്ലാത്തവരെ ഉദ്ദേശിച്ച് ചെയ്യുന്നതും ശിർക്കിൽ പെടുന്നു. ആരാധന പൂർണമായും അല്ലാഹുവിനു മാത്രമേ പാടുള്ളൂ. അല്ലാഹുവിന്റെയും അവനല്ലാത്തവരുടെയും പ്രീതിക്കു വേണ്ടി ചെയ്യുന്ന ആരാധന അവൻ കൈക്കൊള്ളുകയില്ല.

സൽഫലം ഉദ്ദേശിച്ച് ചെയ്ത കാര്യം ദുഷ്ഫലത്തിൽ കലാശിക്കുകയാണ് حبط. ശരീരപോഷണം ഉദ്ദേശിച്ച് കഴിച്ച ഭക്ഷണം രോഗഹേതുകമാവുക ഉദാഹരണം. കച്ചവടത്തിൽ ലാഭം കിട്ടാതിരിക്കുന്നതോടൊപ്പം മൂലധനവും നഷ്ടപ്പെടുന്നത് മറ്റൊരു ഉദാഹരണം. ഇവിടെ പരാമർശിക്കുന്ന عمل - കർമം- മുഖ്യമായി ആരാധനാ കർമമാണ്. അതിൽ അല്ലാഹുവല്ലാത്തവരെ പങ്കുചേർത്താൽ ആരാധനയുടെ പുണ്യം കിട്ടുകയില്ലെന്നു മാത്രമല്ല ശിക്ഷാർഹമായ പാപമായിത്തീരുകയും ചെയ്യും. ഈ ആശയത്തെ ദൃഢീകരിക്കുന്നതാണ് وَلَتَكُونَنَّ مِنَ الْخَاسِرِينَ എന്ന വാക്യം. ആകയാൽ അല്ലാഹുവിനു മാത്രം ഇബാദത്ത് ചെയ്യുക. അങ്ങനെ അവനോടു നന്ദിയും കൂറും ഉള്ളവനായിത്തീരുക. അല്ലാഹുവിനോടു നന്ദിയും കൂറും ഉള്ളവനായി വർത്തിക്കുക എന്ന അടിമയുടെ കടമ നിർവഹിക്കപ്പെടുന്നത് അവർ അല്ലാഹുവിനു മാത്രം ഇബാദത്ത് ചെയ്യുമ്പോഴാണ്. ഇബാദത്തിൽ അവനല്ലാത്തവരെ പങ്കുചേർക്കുന്നവൻ നന്ദിക്കു പകരം നന്ദികേടും കൂറിനു പകരം വഞ്ചനയുമാണ് പ്രവർത്തിക്കുന്നത്. ●

---

وَمَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦ وَٱلْأَرْضُ جَمِيعًا قَبْضَتُهُۥ يَوْمَ ٱلْقِيَـٰمَةِ وَٱلسَّمَـٰوَٰتُ مَطْوِيَّـٰتٌۢ بِيَمِينِهِۦ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ ﴿٦٧﴾

67. ഈ ജനം അല്ലാഹുവിനെ മനസ്സിലാക്കേണ്ട വണ്ണം മനസ്സിലാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപു നാളിൽ ഭൂമിയൊക്കെയും അവൻ കൈപ്പിടിയിലൊതുക്കുന്നു. ആകാശങ്ങളൊക്കെയും അവന്റെ വലംകൈയിൽ ചുരുട്ടപ്പെടുന്നു. ഈ ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതനും അത്യുന്നതനുമായ പരമപരിശുദ്ധനുമത്രെ അവൻ.

**67**

وَمَا قَدَرُوا اللهَ = അവർ (ഈ ജനം) അല്ലാഹുവിനെ കണക്കാക്കിയിട്ടില്ല (മനസ്സിലാക്കിയിട്ടില്ല)

حَقَّ قَدْرِهِ = അവന്റെ കണക്കിന്റെ യാഥാർഥ്യത്തിൽ (മനസ്സിലാക്കേണ്ട വണ്ണം)

وَالْأَرْضُ جَمِيعًا = ഭൂമി ഒക്കെയും قَبْضَتُهُ = അവന്റെ പിടിത്തം (കൈപ്പിടിയിലൊതുങ്ങുന്നു)

يَوْمَ الْقِيَامَةِ = ഉയിർത്തെഴുന്നേൽപുനാളിൽ وَالسَّمَاوَاتُ = ആകാശങ്ങൾ (ഒക്കെയും)

مَطْوِيَّاتٌ = ചുരുട്ടപ്പെട്ടവയാകുന്നു (ചുരുട്ടപ്പെടുന്നു) بِيَمِينِهِ = അവന്റെ വലംകൈയിൽ

سُبْحَانَهُ = പരമ പരിശുദ്ധനത്രെ അവൻ وَتَعَالَىٰ = അത്യുന്നതനും അതീതനും

عَمَّا يُشْرِكُونَ = അവർ പങ്കുചേർക്കുന്നതിന് (ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം)

وَمَا قَدَرُوا اللهَ حَقَّ قَدْرِهِ എന്ന വാക്യം നേരത്തേ 27:74, 6:91 സൂക്തങ്ങളിൽ വന്നിട്ടുള്ളതാണ്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ഭൂമിയൊക്കെയും -وَالْأَرْضُ جَمِيعًا- സപ്ത ഭൂമികളും ആകാശങ്ങൾ -السَّمَاوَاتُ- സപ്ത വാനങ്ങളുമാണ്. പിടിച്ചെടുക്കലും കൈപ്പിടിയിലൊതുക്കലുമാണ് قَبْضَت പ്രബലവും അപ്രതിരോധ്യവുമായ അധികാരത്തിന്റെയും നിയന്ത്രണ ശേഷിയുടെയും രൂപകമായിട്ടും, മിക്ക ഭാഷകളിലും പിടിച്ചെടുക്കലും കൈപ്പിടിയിലൊതുക്കലും ഉപയോഗിക്കുന്നുണ്ട്. അല്ലാഹുവിന്റെ ഏകത്വവും പ്രപഞ്ചത്തിനുമേലുള്ള പരമാധികാരവും ശക്തിയുക്തം സ്ഥാപിച്ചതിനെത്തുടർന്ന് സുവ്യക്തമായ ഈ യാഥാർഥ്യത്തിൽനിന്ന് ആളുകൾ വ്യാജ ദൈവങ്ങളിലേക്കും വിഗ്രഹാരാധനയിലേക്കും വ്യതിചലിക്കുന്നതിന്റെ കാരണത്തിലേക്ക് വിരൽ ചൂണ്ടുകയാണ്. അല്ലാഹുവിനെ കാണേണ്ടതെങ്ങനെയാണോ അങ്ങനെയല്ല ഈയാളുകൾ കാണുന്നത്. തങ്ങളെപ്പോലെ അല്ലെങ്കിൽ തങ്ങൾ ദൈവങ്ങളാക്കി പൂജിക്കുന്ന മറ്റു സൃഷ്ടികളെപ്പോലെ ഉള്ള ഒരസ്തിത്വമായിട്ടാണ് അവർ അല്ലാഹുവിനെ വിലയിരുത്തുന്നത്. സൃഷ്ടികളുടെ പ്രകൃതിയും പരിമിതികളും പരാധീനതകളുമെല്ലാം അല്ലാഹുവിലും സങ്കൽപിച്ചിരിക്കുന്നു. അവർ സ്രഷ്ടാവിനെ സൃഷ്ടികളുടെ സ്വഭാവപ്രകൃതികൾക്കതീതനായി കാണുന്നില്ല. അവരുടെ സങ്കൽപത്തിലുള്ള ദൈവം അവരെപ്പോലൊരുവൻ തന്നെയാണ്. എന്നാൽ അല്ലാഹു യാതൊരു സൃഷ്ടിയോടും യാതൊരു സാദൃശ്യവുമില്ലാത്തവനാണ്. അവന്റെ ജ്ഞാനം, ശക്തി, അധികാരം തുടങ്ങിയ ഗുണങ്ങൾക്കൊന്നും സൃഷ്ടിയുടെ അത്തരം ഗുണങ്ങളുമായി താരതമ്യമില്ല. സൃഷ്ടിഗുണങ്ങളെല്ലാം പരിമിതവും സോപാധികവും നശ്വരവുമാണ്. അല്ലാഹുവിന്റെ ഗുണങ്ങളെല്ലാം നിരുപാധികവും അപാരവും അനശ്വരവുമാണ്. നിരുപാധികവും അപരിമേയവും അനശ്വരവുമായ ഗുണങ്ങളുള്ള അസ്തിത്വത്തിന് പങ്കാളികളുണ്ടാവുക അസംഭവ്യമാകുന്നു.

ഭൗതിക ലോകമെന്ന പോലെ അഭൗതിക ലോകവും അല്ലാഹുവിന്റെ അജയ്യമായ അധികാരത്തിനും നിയന്ത്രണ ശേഷിക്കും വിധേയമാകുന്നു. ഉയിർത്തെഴുന്നേൽപു നാളിൽ ഭൂമിയേഴും കൊച്ചുകുട്ടിയുടെ കളിപ്പന്തുപോലെ അവന്റെ കൈപ്പിടിയിലൊതുങ്ങുന്നു. സപ്തവാനങ്ങൾ കൊച്ചു തൂവാല പോലെ അവന്റെ വലംകൈയിൽ ചുരുണ്ടിരിക്കുന്നു. ഇപ്പറഞ്ഞത് അക്ഷരാർഥത്തിലാകാം, ആലങ്കാരിക പ്രയോഗവുമാകാം. ഭൗതിക പ്രപഞ്ചത്തിന്റെ മൂലപിണ്ഡം വളരെ ചെറുതാണ്. അത് നിരന്തരമായ വികാസപരിണാമങ്ങളിലൂടെ ഇന്നത്തെ പ്രപഞ്ചമായിത്തീരുകയായിരുന്നു. ഇപ്പോഴും പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണ്. ഈ ശാസ്ത്ര നിഗമനത്തെ ഖുർആൻ ശരിവെക്കുന്നുണ്ട്. وَالسَّمَاءَ بَنَيْنَاهَا بِأَيْدٍ وَإِنَّا لَمُوسِعُونَ - (വാനലോകം നാം നിർമിച്ചു. നാം തന്നെ അതിനെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു -51:47). വികാസപ്രക്രിയയിൽനി

ന്ന് വിരമിക്കുകയും പ്രപഞ്ചം പരിണാമത്തിന്റെ പടികൾ പിന്നോട്ടു ചവിട്ടുകയും ചെയ്താൽ ഒടുവിൽ അത് പഴയപടി കൈപ്പിടിയിലൊതുങ്ങുന്ന ചെറു പിണ്ഡത്തിൽ തന്നെ എത്തിച്ചേരുന്നു. 14:48-ൽ يَوْمَ تُبَدَّلُ الْأَرْضُ غَيْرَ الْأَرْضِ وَالسَّمَاوَاتُ (ഭൂലോകവും വാനലോകവും അവയല്ലാതാക്കി മാറ്റപ്പെടുന്ന ദിവസം) എന്നു പറയുന്നുണ്ട്. ഒരുപക്ഷേ പിന്നോട്ടുള്ള പരിണാമത്തിന്റെ അന്ത്യപടിയാകാം ഈ കൈപ്പിടിയിലൊതുങ്ങൽ. അതു പിന്നെയും പരിണമിച്ച് ഭൂലോകം സ്വർഗലോകമായി പുനഃസൃഷ്ടിക്കപ്പെടുമെന്ന് ഈ സൂറയിലെ 74-ാം സൂക്തം സൂചിപ്പിക്കുന്നുണ്ട്.

قَبْضَتُهُ-വിനെയും مَطْوِيَّاتٌ بِيَمِينِهِ-യെയും അന്ത്യനാളിലെ അല്ലാഹുവിന്റെ അധികാര ശക്തിയെ കുറിക്കുന്ന ആലങ്കാരിക പ്രയോഗങ്ങളായി കരുതുമ്പോൾ 40:16-ലെ لِّمَنِ الْمُلْكُ الْيَوْمَ لِلَّهِ الْوَاحِدِ الْقَهَّارِ (ചോദിക്കപ്പെടും: ഇന്ന് അധികാരം ആർക്കുള്ളതാകുന്നു. ഉത്തരം ലഭിക്കും: ഏക സർവാധിപതിയായ അല്ലാഹുവിന്നു മാത്രം) എന്ന വചനത്തിന്റെ മറ്റൊരു ഭാഷ്യമാണിത്. ഭൗതിക ലോകത്ത് സൃഷ്ടികൾക്ക് ചില അധികാരങ്ങളും സ്വാതന്ത്ര്യങ്ങളും അല്ലാഹു അനുവദിച്ചുകൊടുത്തിരുന്നു. പരലോകത്ത് ഉയിർത്തെഴുന്നേൽക്കുമ്പോൾ അവിടെ ആർക്കും ഒരധികാരവും ഉണ്ടായിരിക്കുകയില്ല. വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും സർവാധിപത്യം അവന്റെ മാത്രം മുഷ്ടിയിലമർന്നിരിക്കും. അവൻ പരമപരിശുദ്ധനും ജാഹിലുകൾ കൽപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതനുമാകുന്നു. ●

---

وَنُفِخَ فِي ٱلصُّورِ فَصَعِقَ مَن فِي ٱلسَّمَٰوَٰتِ وَمَن فِي ٱلْأَرْضِ إِلَّا مَن شَآءَ ٱللَّهُ ثُمَّ نُفِخَ فِيهِ أُخْرَىٰ فَإِذَا هُمْ قِيَامٌ يَنظُرُونَ ﴿٦٨﴾

68. കാഹളം ഊതപ്പെടുമ്പോൾ വാനലോകത്തും ഭൂലോകത്തും അവൻ ഉദ്ദേശിച്ചവരൊഴിച്ചുള്ളവരെല്ലാം മരിച്ചു വീഴുന്നു. അതിനുശേഷം ഒന്നുകൂടി ഊതപ്പെടുമ്പോൾ, അതിശീഘ്രം അവരൊക്കെയും എഴുന്നേറ്റു നിന്ന് നോക്കുന്നു.

**68**

وَنُفِخَ فِي الصُّورِ = കാഹളത്തിൽ ഊതപ്പെട്ടു(ടുന്നു) فَصَعِقَ = അപ്പോൾ (മരിച്ചു) വീണു (വീഴുന്നു)

مَن فِي السَّمَاوَاتِ = ആകാശങ്ങളിൽ (വാനലോകത്ത്) ഉള്ളവർ

وَمَن فِي الْأَرْضِ = ഭൂലോകത്തും ഉള്ളവർ(എല്ലാം) إِلَّا مَن شَاءَ اللَّهُ = അവൻ ഉദ്ദേശിച്ചവരൊഴിച്ച്

ثُمَّ نُفِخَ فِيهِ أُخْرَىٰ = പിന്നെ അതിൽ മറ്റേത് ഊതപ്പെട്ടു (അതിനുശേഷം ഒന്നുകൂടി ഊതപ്പെടുമ്പോൾ)

فَإِذَا هُمْ قِيَامٌ يَنظُرُونَ = അവരതാ നിൽക്കുന്നവരായി നോക്കുന്നു (അതിശീഘ്രം അവരൊക്കെയും എഴുന്നേറ്റു നിന്നുനോക്കുന്നു)

ലോകാവസാനത്തിൽ ഒരു കാഹളം മുഴങ്ങുന്ന കാര്യം നേരത്തേ പല സ്ഥലങ്ങളിൽ പരാമർശിച്ചിരിക്കുന്നു. 36:50, 27:87 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. ഈ സൂക്തം രണ്ട് കുഴലൂത്തുകൾ പറയുന്നുണ്ട്. സൃഷ്ടികളെയാകെ ഭയവിഹ്വലരാക്കുന്നതാണ് ഒന്നാമത്തെ കാഹളധ്വനി - نفخة الفزع. 36:51-ൽ صيحة واحدة-ഒരൊറ്റ ഗർജനം- എന്ന് പറഞ്ഞത് ഇതിനെക്കുറിച്ചാണ്. അതിനുശേഷം സംഭവിക്കുന്ന, സൃഷ്ടികളാസകലം മരിച്ചുവീഴാൻ കാരണമാകുന്ന ഊത്തും - نفخة الصعق- അനന്തരം എല്ലാവരെയും ഉയിർത്തെഴുന്നേൽപിക്കുന്ന ഊത്തും -نفخة القيام - ആണ് ഇവിടെ പറയുന്ന രണ്ട് കുഴലൂത്തുകൾ എന്നാണ് പണ്ഡിതമതം.

രണ്ടാമത് കുഴലൂതുമ്പോൾ മരിച്ചുവീഴുന്നതിൽ നിന്നൊഴിവാകുന്ന ചിലരുണ്ട്. അല്ലാഹു ഇഛിച്ചവരൊഴിച്ച് - إِلَّا مَن شَاءَ اللَّهُ എന്നാണ് മൂലവാക്യം. അവരാരാണെന്ന് കൃത്യമായി വ്യക്തമാക്കപ്പെട്ടിട്ടില്ല. വാനലോകത്തുള്ള മലക്കുകളും അല്ലാഹുവിനുവേണ്ടി രക്തസാക്ഷികളായ മനുഷ്യരുമാണതെന്നു പൊതുവിൽ കരുതപ്പെടുന്നു. രണ്ടാമത്തെയും മൂന്നാമത്തെയും കുഴലൂത്തുകൾക്കിടയിൽ നാൽപതു കൊല്ലത്തെ കാലതാമസമുണ്ടാകുമെന്ന് ചില നിവേദനങ്ങൾ പറയുന്നു. നാൽപതു മാസത്തെ അല്ലെങ്കിൽ നാൽപതു നാളത്തെ കാലതാമസം എന്നും പ്രസ്താവമുണ്ട്. രണ്ടാമത്തെ കുഴലൂത്തിൽ മരണത്തിൽനിന്നൊഴിവായവരൊക്കെ അപ്പോഴേക്കും മരിച്ചുകഴിഞ്ഞിരിക്കും എന്നും പറയപ്പെടുന്നു. മൂന്നാമത് കാഹളം മുഴങ്ങുന്നതോടെ മരിച്ചുപോയവരെല്ലാം ജീവിച്ചെഴുന്നേൽക്കുകയായി فَإِذَا هُمْ قِيَامٌ يَنظُرُونَ- പെട്ടെന്നതാ അവർ എഴുന്നേറ്റുനോക്കുന്നു- എന്നാണ് മൂലവാക്യം. فَإِذَا പെട്ടെന്ന്, അതിശീഘ്രം എന്നു കുറിക്കുന്ന ശബ്ദമാണ്. قَائِم -നിൽക്കുന്നവൻ- ന്റെ ബഹുവചനമാണ് قِيَامٌ. 'നിൽക്കുന്നവരായി നോക്കുന്നു' എന്നാണ് قِيَامٌ يَنظُرُونَ-ന്റെ വാക്കർഥം. ഇതിന്റെ ഉദ്ദേശ്യം ജീവനോടെ എഴുന്നേൽക്കുന്നു എന്നാവാം. എഴുന്നേറ്റു നിന്ന് പകച്ചുനോക്കുന്നു എന്നുമാവാം. ജീവിച്ചെഴുന്നേറ്റ് അല്ലാഹുവിനെ നോക്കുന്നു എന്നും അഭിപ്രായമുണ്ട്. ഉയിർത്തെഴുന്നേറ്റ് വിചാരണ കാത്തുനിൽക്കുന്ന - ينتظرون الحساب - എന്നും അർഥം കൽപിക്കാവുന്നതാണ്. എന്തുനോക്കുന്നു എന്നതു സംബന്ധിച്ച് ഉദ്ധരിക്കപ്പെടുന്ന നിവേദനങ്ങളുടെ ആധികാരികത സംശയാസ്പദമാണ്. ●

---

وَأَشْرَقَتِ ٱلْأَرْضُ بِنُورِ رَبِّهَا وَوُضِعَ ٱلْكِتَٰبُ وَجِاْىٓءَ بِٱلنَّبِيِّـۧنَ وَٱلشُّهَدَآءِ وَقُضِيَ بَيْنَهُم بِٱلْحَقِّ وَهُمْ لَا يُظْلَمُونَ ﴿٦٩﴾

69. ഭൂമി അതിന്റെ നാഥന്റെ ചൈതന്യത്താൽ പ്രശോഭിതമാകുന്നു. കർമപുസ്തകം സമർപ്പിക്കപ്പെടുന്നു. പ്രവാചകന്മാരും സാക്ഷികളും ഹാജരാക്കപ്പെടുന്നു. ജനങ്ങൾക്കിടയിൽ തികഞ്ഞ നീതി വിധിക്കപ്പെടുന്നു. ആരോടും ഒട്ടും അനീതിയുണ്ടാകുന്നതല്ല.

وَوُفِّيَتْ كُلُّ نَفْسٍ مَّا عَمِلَتْ وَهُوَ أَعْلَمُ بِمَا يَفْعَلُونَ ﴿٧٠﴾

70. ഓരോ ആത്മാവിനും അതു പ്രവർത്തിച്ചിട്ടുള്ളതിനൊക്കെയും പരിപൂർണമായ കർമഫലം ലഭിക്കുന്നു. ജനം ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഏറ്റം അറിയുന്നവനാണ് അല്ലാഹു.

**69,70**

وَأَشْرَقَتِ الْأَرْضُ = ഭൂമി പ്രശോഭിതമായി(മാകുന്നു) بِنُورِ رَبِّهَا = അതിന്റെ നാഥന്റെ ചൈതന്യത്താൽ

وَوُضِعَ الْكِتَابُ = (കർമ) പുസ്തകം വെക്കപ്പെട്ടു (സമർപ്പിക്കപ്പെടുന്നു)

وَجِيءَ بِالنَّبِيِّينَ وَالشُّهَدَاءِ = പ്രവാചകന്മാരും സാക്ഷികളും കൊണ്ടുവരപ്പെട്ടു (ഹാജരാക്കപ്പെടുന്നു)

وَقُضِيَ بَيْنَهُم = അവർക്ക് (ജനങ്ങൾക്ക്) ഇടയിൽ വിധിക്കപ്പെ(ടുന്നു)ട്ടു بِالْحَقِّ = സത്യം കൊണ്ട് (തികഞ്ഞ നീതി)

وَهُمْ لَا يُظْلَمُونَ = അവർ (ആരോടും ഒട്ടും) അനീതി ചെയ്യപ്പെടുകയില്ല (അനീതി ഉണ്ടാകുന്നതല്ല)

وَوُفِّيَتْ = പൂർത്തിയാക്കപ്പെട്ടു (പരിപൂർണമായ കർമഫലം ലഭിക്കുന്നു)

كُلُّ نَفْسٍ = എല്ലാ ഓരോ ആത്മാവും(വിനും) مَّا عَمِلَتْ = അതു പ്രവർത്തിച്ചിട്ടുള്ളത് (തിനൊക്കെയും)

وَهُوَ أَعْلَمُ = അവൻ (അല്ലാഹു) ഏറ്റം അറിയുന്നവനാകുന്നു بِمَا يَفْعَلُونَ = അവർ (ജനം) ചെയ്തുകൊണ്ടിരിക്കുന്നത്(എല്ലാം)

ഉയിർത്തെഴുന്നേൽപു നാളിന്റെ ഗാംഭീര്യവും പ്രഭാവവും സൗന്ദര്യവും വർണിക്കുകയാണ്. പ്രശോഭിതമായ ഭൂമി ഭൗതിക ലോകത്ത് നാം വസിച്ച ഭൂമിയല്ല. ആ ഭൂമി അന്ന് അതല്ലാതാക്കി മാറ്റപ്പെട്ടിരിക്കുമല്ലോ. ഉയിർത്തെഴുന്നേറ്റവർക്ക് നിലകൊള്ളാനും വിചാരണ നേരിടാനും ഒരുക്കപ്പെട്ട സ്ഥലം- പുതിയ ഭൂമി ആണിത്. 79:13,14-ൽ فَإِنَّمَا هِيَ زَجْرَةٌ وَاحِدَةٌ ﴿١٣﴾ فَإِذَا هُم بِالسَّاهِرَةِ ﴿١٤﴾ - (അത് ഒരൊറ്റ ഗർജനം മാത്രം. ഉടനെയതാ അവരൊക്കെയും തുറന്ന മൈതാനിയിൽ ഹാജരായിരിക്കും) എന്നു പറയുന്നുണ്ടല്ലോ. ആ മൈതാനിയാണ് ഇവിടെ ഭൂമികൊണ്ടുദ്ദേശ്യം. ആ ഭൂമി വിധാതാവിന്റെ ചൈതന്യത്താൽ പ്രശോഭിതമായിരിക്കും. സ്രഷ്ടാവിന്റെ ചൈതന്യത്താൽ സൃഷ്ടി ശോഭിക്കുക അതിന്റെ നൈതികതയിലൂടെയും സാർഥകതയിലൂടെയും സൗന്ദര്യത്തിലൂടെയുമാണ്. ദൈവിക നീതിയുടെ സമ്പൂർണ സാക്ഷാത്കാരമാണ് അവിടെ നടക്കുക എന്നതുതന്നെ ആ ഭൂമിയെ തേജോമയമാക്കാൻ മതിയായതാകുന്നു.

ഇവിടെ الْكِتَابُ -പുസ്തകം- കർമപുസ്തകമാണ്. അതു വെക്കപ്പെട്ടു - وُضِعَ- എന്നാൽ ഹാജരാക്കപ്പെട്ടു. പ്രവാചകന്മാരും സാക്ഷികളും കൊണ്ടുവരപ്പെട്ടു - وَجِيءَ بِالنَّبِيِّينَ وَالشُّهَدَاءِ- എന്നു പറഞ്ഞത് പ്രവാചകന്മാരെയും സാക്ഷികളെയും വിളിച്ചുവരുത്തി എന്ന അർഥത്തിലാവാം. സമൂഹങ്ങൾ വിചാരണ ചെയ്യപ്പെടുമ്പോൾ അവരിൽ സത്യധർമങ്ങൾ പ്രബോധനം ചെയ്ത പ്രവാചകന്മാർ സാക്ഷികളായി ഹാജരാക്കപ്പെടുമെന്ന് 4:41-ൽ പ്രസ്താവിച്ചിട്ടുണ്ട്. شهداء -സാക്ഷികൾ- കൊണ്ടുദ്ദേശ്യം ഓരോ വ്യക്തിയുടെയും ചെറുതും വലുതുമായ എല്ലാ കർമങ്ങളും നിരീക്ഷിച്ചു രേഖപ്പെടുത്താൻ അല്ലാഹു നിയോഗിച്ചിട്ടുള്ള മലക്കുകളാണ്. 50:21-ൽ പ്രസ്താവിക്കുന്നു: وَجَاءَتْ كُلُّ نَفْسٍ مَّعَهَا سَائِقٌ وَشَهِيدٌ (ഓരോ വ്യക്തിയും വന്നെത്തുന്നു; അവനോടൊപ്പം ഒരു സാരഥിയും സാക്ഷിയുമുണ്ടായിരിക്കും). മുകളിൽ പറഞ്ഞ الْكِتَابُ വേദഗ്രന്ഥമാണെന്ന് ഒരഭിപ്രായമുണ്ട്. അതായത്, അവരെ അല്ലാഹു സത്യധർമങ്ങൾ പഠിപ്പിച്ചിരുന്നുവെന്നതിന്റെ തെളിവായി അവരിൽ ഇറങ്ങിയ വേദഗ്രന്ഥങ്ങൾ ഹാജരാക്കപ്പെടും. ആദ്യം പറഞ്ഞ വ്യാഖ്യാനമാണ് കൂടുതൽ പ്രബലം. അവർക്കിടയിൽ സത്യം വിധിക്കപ്പെട്ടു - وَقُضِيَ بَيْنَهُم بِالْحَقِّ- എന്നതിലെ അവരിൽ മനുഷ്യരും ജിന്നുകളും മലക്കുകളുമെല്ലാം ഉൾപ്പെടുന്നു. ഓരോ വ്യക്തിയും അല്ലാഹുവിനോട് സ്വീകരിച്ച സമീപനം മുതൽ അയാളും അയാളുടെ മക്കളും തമ്മിലുള്ള പ്രശ്നങ്ങൾ വരെ പരിഗണനാവിധേയമാകുന്നു. പ്രവാചകന്മാരും അവരുടെ സമൂഹങ്ങളും തമ്മിൽ, രാജാക്കന്മാരും പ്രജകളും തമ്മിൽ, ധർമോപദേശകരും അവരുടെ പ്രബോധിതരും തമ്മിൽ എല്ലാം ഉണ്ടായ ഇടപാടുകളൊക്കെയും വിചാരണ ചെയ്യപ്പെടും. എല്ലാവർക്കും നിഷ്കൃഷ്ടമായ നീതി വിധിക്കപ്പെടുകയും ചെയ്യും. അർഹിക്കുന്ന നീതി ലഭിച്ചിട്ടില്ല എന്ന് പരാതിപ്പെടാൻ യാതൊരു പഴുതും ആർക്കുമുണ്ടാവില്ല. قُضِيَ بَيْنَهُم بِالْحَقِّ-ന്റെ വാക്കർഥം അവർക്കിടയിൽ സത്യം കൊണ്ട് വിധിക്കപ്പെട്ടു എന്നാണ്. حق അർഹത, അവകാശം എന്നീ ആശയങ്ങൾ കൂടി വഹിക്കുന്ന പദമാണ്. നീതി വിധിക്കുക - قضي بالعدل എന്നതിനേക്കാൾ അർഥപുഷ്ടമാണ് قضي بالحق. ഓരോരുത്തരും അർഹിക്കുന്നതും അവകാശപ്പെട്ടതുമായ നീതി പൂർണമായി നൽകും എന്നാണതിന്റെ താൽപര്യം. ഒരളവോളം നീതി നൽകാൻ ഭൗതികലോകത്തെ കോടതികൾക്കും പോലീസിനും ഭരണകൂടത്തിനും കഴിയും. ഓരോ വ്യക്തിയും അർഹിക്കുന്നതും അവകാശപ്പെട്ടതുമായ നീതി മുഴുവൻ നൽകാൻ സൃഷ്ടികൾക്കു കഴിയില്ല. അർഹതയും യോഗ്യതയും കൃത്യമായി കാണാനും കണക്കാക്കാനും അല്ലാഹുവിനേ കഴിയൂ. പ്രത്യക്ഷ ജ്ഞാനത്തെ മാത്രം ആസ്പദമാക്കിയാണ് മറ്റുള്ളവർ വിധിക്കുന്നത്. وفّى-യുടെ കർമണി വചനമാണ് وُفِّيَتْ. കൂറും വിശ്വസ്തതയും പാലിക്കുക, അർഹത വകവെച്ചുകൊടുക്കുക എന്നീ ആശയവും കൂടി وَفّى-ക്ക് ഉണ്ട്. ഇഹലോകത്ത് ചെയ്ത കർമത്തിന്റെ അത് സൽക്കർമമായാലും ദുഷ്കർമമായാലും, പരിണതിയും പൂർത്തീകരണവുമാണ് പരലോകത്ത് ലഭിക്കുന്ന കർമഫലം. ഈ പൂർത്തീകരണത്തിൽ നിന്ന് ആരും, ഒരു കർമവും ഒഴിവാക്കപ്പെടുന്നില്ല. ബോധപൂർവമുള്ള സംസാരങ്ങളും വിചാരങ്ങളും കൂടി ഉൾപ്പെട്ടതാണ് ഒരാളുടെ കർമജീവിതം. إِن تُبْدُوا مَا فِي أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ اللَّهُ (നിങ്ങളുടെ മനസ്സിലുള്ളത് വെളിവാക്കിയാലും ഒളിവാക്കിയാലും അല്ലാഹു അതേക്കുറിച്ച് വിചാരണ ചെയ്യും -2:284). കർമമാകട്ടെ, വാക്കാവട്ടെ, വിചാരമാകട്ടെ ഒന്നും എത്ര ലഘുവായാലും ഗുരുവായാലും അവന്റെ കണക്കിൽ പെടാതെ പോകുന്നില്ല. ഒന്നിനെയും അവഗണിച്ചു തള്ളിക്കളയുന്നുമില്ല. സൃഷ്ടികളുടെ എല്ലാ അനക്കവും അടക്കവും അവൻ നന്നായി അറിയുന്നുണ്ട്. وَهُوَ أَعْلَمُ بِمَا يَفْعَلُونَ ഉയിർത്തെഴുന്നേൽപും വിചാരണയും വിധിയും കർമഫല വിതരണവുമെല്ലാം നടന്നുകഴിഞ്ഞതെന്നോണം ഭൂതകാല ക്രിയകളിലാണീ സൂക്തങ്ങൾ അവതരിച്ചിരിക്കുന്നത്. നടന്നു കഴിഞ്ഞതെന്നോണം ഉറപ്പുള്ളതും സുനിശ്ചിതവുമായ യാഥാർഥ്യങ്ങളാണവ എന്നാണതിന്റെ ധ്വനി. പരലോകം ചർച്ച ചെയ്യുമ്പോൾ ഖുർആൻ പലപ്പോഴും ഈ ശൈലിയാണുപയോഗിക്കാറുള്ളത്. ●